(സി) 5-6-1989-ലെ ജി.ഒ.(പി) നമ്പർ 138/89/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം.

പകർപ്പ് അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ഡി) ഉണ്ട്. അസിസ്റ്റന്റ് ടെയിനി ആയി നിയമിതരാകുന്നവർ അവരുടെ parent cadre ലാണ് തുടരുന്നതായി കണക്കാക്കുന്നതെങ്കിലും അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് ഇവരെ നിയമിക്കുന്നത്. ഇവർ അസിസ്റ്റന്റ് ടെയിനി ആയി മാറുമ്പോൾ ബന്ധപ്പെട്ട ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവുകൾ പ്രസ്തുത കേഡറിൽ തന്നെയുള്ള പ്രൊമോഷൻ/direct recruitment എന്നിവ വഴി നികത്തുന്നു എന്നതിനാൽ പ്രസ്തുത കേഡറിലെ cadre strength-ൽ കുറവുണ്ടാകുന്നില്ല. എന്നാൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവിലാണ് ഇവർ നിയമിക്കപ്പെടുന്നത്. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ തസ്തികമാറ്റ നിയമനത്തിന് തത്തുല്യമായ തസ്തികകൾ അസിസ്റ്റന്റ് തസ്തികയുടെ entry cadre-ലും പി.എസ്.സി.ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിലും കുറവ് വരുകയും ചെയ്യും. അസിസ്റ്റന്റ് ടെയിനി നിയമനം ഒഴിവാക്കി തസ്തികമാറ്റത്തിനുള്ള 20% കണക്കാക്കിയാൽ ആയത് പി.എസ്.സി. റാങ്ക് ലിസ്റ്റിനെ ദോഷകരമായി ബാധിക്കും. ഈ സാഹചര്യത്തിൽ തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ആകുന്നതിനായുള്ള ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ടെയിനിമാരുടെ എണ്ണവും കണക്കിലെടുക്കേണ്ടതുണ്ട് എന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് ടെയിനിമാരെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഇനി നിയമനം ഒന്നും തന്നെ നല്കാനില്ല.

കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം

33 (3536) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലും ധനകാര്യവകുപ്പിലും കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂൾ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 25-3-2006-നുശേഷം സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകുന്നത് എത്ര ശതമാനമാണ്; ഇത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(സി) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ടൈപ്പിസ്റ്റ് നിയായി നിയമനം നൽകുന്നത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ അസിസ്റ്റന്റ് ടൈപ്പിനിമാരെ ഉൾപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമെന്ന് വ്യക്തമാക്കാമോ ;

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള ഒഴിവുകൾ എത്രയെണ്ണം നികത്തുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് എന്നത്തേക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 20% 17-3-2007-ലെ ജി.ഒ.(പി) നമ്പർ 199/07/ജി. എ. ഡി. നമ്പർ ഉത്തരവ് പ്രകാരം.

(സി) 5-6-1989 ലെ ജി.ഒ.(പി) നമ്പർ 138/89/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം.

(ഡി) ഉണ്ട്. അസിസ്റ്റന്റ് ടൈപ്പിനി ആയി നിയമിതരാകുന്നവർ അവരുടെ parent cadre ലാണ് തുടരുന്നതായി കണക്കാക്കുന്നതെങ്കിലും അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് ഇവരെ നിയമിക്കുന്നത്. ഇവർ അസിസ്റ്റന്റ് ടൈപ്പിനി ആയി മാറുമ്പോൾ ബന്ധപ്പെട്ട ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവുകൾ പ്രസ്തുത കേഡറിൽ തന്നെയുള്ള പ്രൊമോഷൻ/direct recruitment എന്നിവ വഴി നികത്തുന്നു എന്നതിനാൽ പ്രസ്തുത കേഡറിലെ cadre strength-ൽ കുറവുണ്ടാകുന്നില്ല. എന്നാൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവിലാണ് ഇവർ നിയമിക്കപ്പെടുന്നത്. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ തസ്തികമാറ്റ നിയമനത്തിന് തത്തുല്യമായ തസ്തികകൾ അസിസ്റ്റന്റ് തസ്തികയുടെ entry cadre-ലും പി.എസ്.സി.-ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിലും കുറവ് വരുകയും ചെയ്യും. അസിസ്റ്റന്റ് ടൈപ്പിനി നിയമനം

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കി തസ്തികമാറ്റത്തിനുള്ള 20% കണക്കാക്കിയാൽ ആയത് പി.എസ്.സി. റാങ്ക് ലിസ്റ്റിനെ ദോഷകരമായി ബാധിക്കും. ഈ സാഹചര്യത്തിൽ തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ആകുന്നതിനായുള്ള ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ടെയിനിമാരുടെ എണ്ണവും കണക്കിലെടുക്കേണ്ടതുണ്ട് എന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് ടെയിനിമാരെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റത്തിനുള്ള ഒഴിവുകൾ നിലവിലില്ല. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റത്തിന് 9**യോഗ്യരായ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്തുന്നതാണ്.

പുനർനാമകരണം ചെയ്തിട്ടുള്ള തസ്തികകൾ

34 (3537) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം തസ്തികകളുടെ പേരുകൾ പുനർനാമകരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ ചെയ്ത തസ്തികകൾക്ക് എന്തെങ്കിലും സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യവകുപ്പിനു കീഴിലും പൊതുഭരണ വകുപ്പിന് കീഴിലും പുനർനാമകരണം ചെയ്ത തസ്തികകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	തസ്തിക	തസ്തികയുടെ പുതിയ പേര്
1	സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ്	അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
2	ലീഗൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്)	അസിസ്റ്റന്റ് ലീഗൽ ഓഫീസർ
3	ഓഡിറ്റർ (സെലക്ഷൻ ഗ്രേഡ്)	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

* ഒഴിവുകൾ നിലവിലുണ്ട്. തസ്തിക മാറ്റത്തിന്.

LIBRARY ARCHIVES Kerala Legislative Assembly